പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 3 — 12-10-2026-ൽ മറുപടിയ്ക്ക്

<u>ശമ്പള പരിഷ്കരണ നടപടികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. എം. എസ്. അരുൺ കുമാർ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) മൂന്ന് മാസത്തിനകം റിപ്പോർട്ട് വാങ്ങി നടപടികൾ ആരംഭിക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന ശമ്പള പരിഷ്കരണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> 23.02.2026-ലെ സർക്കാർ ഉത്തരവ് (G.O. (Ms.) No. 24/2026/Fin.) പ്രകാരം മുൻ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി അധ്യക്ഷനായി 12-ാം ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. തുടർന്ന് 05.03.2026 തീയതിയിലെ സർക്കാർ ഉത്തരവ് (G.O. (Ms.) No. 37/2026/Fin.) പ്രകാരം കമ്മീഷന്റെ Terms of reference പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് കമ്മീഷനോട് സർക്കാർ നിർദ്ദേശിച്ചിരുന്നത്.

ശമ്പള പരിഷ്കരണം എന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും ലക്ഷക്കണക്കിന് ജീവനക്കാരുടെ ജീവിതത്തെയും ബാധിക്കുന്ന സുപ്രധാനമായ ഒരു വിഷയമാണ്. ആയതിനാൽ വിവിധ സർവീസ്

സംഘടനകളിൽ നിന്നുള്ള നിവേദനങ്ങൾ സ്വീകരിക്കുക, തെളിവെടുപ്പുകൾ നടത്തുക, വിവിധ വകുപ്പുകളിലെ തസ്തികകളും സ്കെയിലുകളും സൂക്ഷ്മമായി പരിശോധിക്കുക തുടങ്ങി വിപുലമായ നടപടിക്രമങ്ങളിലൂടെ മാത്രമേ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കമ്മീഷന് സാധിക്കുകയുള്ളൂ.

കമ്മീഷന് അനുവദിച്ചിരുന്ന പ്രാരംഭ കാലാവധിയായ മൂന്നു മാസം പൂർത്തിയായ സാഹചര്യത്തിൽ, കമ്മീഷന്റെ പ്രവർത്തനം കൂടുതൽ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും വിവരശേഖരണം പൂർത്തിയാക്കുന്നതിനുമായി കമ്മീഷന്റെ കാലാവധി അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ചു നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**(ബി)** ഈ സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുമോയെന്നും അഞ്ച് വർഷതത്വം പാലിക്കുമോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ലാസ്റ്റ് ഗ്രേഡ്, പാർടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പണമായും മറ്റ് ജീവനക്കാർക്ക് പി.എഫ്. അക്കൗണ്ടിലേക്കും എന്നുവരെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്;

**മറുപടി:** 15.03.2026 തീയതിയിലെ സ.ഉ.(പി).നം.56/2026/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.05.2026 വരെ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്.

**(ഡി)** നടപ്പു സാമ്പത്തിക വർഷം ചുരുക്കം ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം ലഭിക്കുകയും ഭൂരിപക്ഷത്തിനും ആയത് നിഷേധിക്കപ്പെടുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>**മറുപടി:**</u> ലീവ് സറണ്ടർ ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

**(ഇ)** ലീവ് സറണ്ടർ ആനുകൂല്യം 01.06.2026 മുതൽ മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**